"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- ഡിസ്ട്രിക്റ്റ് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ കരാർ ജീവനക്കാർക്ക് യാത്രാ ബത്ത അനുവദിച്ച് നല്കി ഉത്തരവ് പുറപ്പെവിക്കുന്നു.

---

**വനിതശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.157/2026/WCDD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം.137/2016/ധന തീയതി. 09.09.2016.
2. 14/07/2022 ലെ DO No. WW-23/1/2021-WW നം കത്ത് പ്രകാരം കേന്ദ്ര സർക്കാർ മാർഗനിർദേശം.
3. സ.ഉ(സാധാ) നം. 562/2022/വശിവിവ തീയതി 26/12/2022.
4. സ.ഉ(സാധാ) നം. 173/2023/വശിവിവ തീയതി 10/4/2023.
5. സ.ഉ(സാധാ) നം.418/2024/വശിവിവ തീയതി 05/11/2024.
6. വനിതശിശു വികസന ഡയറക്ടറുടെ 29.11.2024, 31.10.2025-ലെ DWCD/5740/2023-HUB 4 നം. കത്ത്.

**ഉത്തരവ്**

സ്ത്രീ ശാക്തീകരണം, സുരക്ഷ എന്നിവ ഉറപ്പ് വരുത്തുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ശക്തി പദ്ധതി നടപ്പാക്കുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം മിഷൻ ശക്തി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി ടി പദ്ധതിയുടെ ഘടകമായ ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ നടപ്പാക്കുന്നതിന് അനുമതി നൽകി പരാമർശം (3) ഉത്തരവായിട്ടുണ്ട്. ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും കേന്ദ്ര റിലീസ് തുക ലഭിക്കുകയും ആയത് പരാമർ ശം (4) പ്രകാരമുള്ള ഇത്തരവിനു വിധേയമായി സംസ്ഥാന വിഹിതം തുക ഉൾപ്പെടെ ടി പദ്ധതി നടപ്പാക്കുന്നതിനായി വനിത ശിശു വികസന ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം, എം.ജി റോഡ് പഞ്ചാബ് നാഷണൽ ബാങ്കിൽ 0300101100000042 അക്കൗണ്ട് നമ്പരായി ആരംഭിച്ചിട്ടുള്ള (IFSC Code — PUNB0030010) PFMS SNA അക്കൗണ്ടിൽ (State

Scheme Code KL 322) നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ പദ്ധതിയുടെ ഭാഗമായ സ്റ്റേറ്റ് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമണിൽ കരാർ അടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാർക്ക് യാത്രാബത്ത അനുവദിക്കുന്നതിനായി KSR മാനദണ്ഡപ്രകാരം ഗ്രേഡ് നിശ്ചയിച്ച് പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ഡിസ്ട്രിക്ട് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമണിലെ കരാർ ജീവനക്കാർ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ, ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ പദ്ധതിയിൽ ജില്ലകളിൽ നിയമിതരായ ജീവനക്കാരുടെ പ്രവർത്തന കാര്യക്ഷമത ഉറപ്പാക്കുന്നതിനും സാമ്പത്തിക ബാധ്യതകൾ ഒഴിവാക്കുന്നതിനും, KSR മാനദണ്ഡ പ്രകാരം ഗ്രേഡ് നിശ്ചയിച്ച് യാത്രാബത്ത അനുവദിക്കുന്നതിനും ടി തുക പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് ഘടകത്തിൽ ഉൾപ്പെടുത്തി വിനിയോഗിക്കുന്നതിനും അനുമതി നല്കണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (6) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഡിസ്ട്രിക്ട് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമണിൽ കരാർ അടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാർക്ക് ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, ചുവടെ ചേർക്കുന്ന പട്ടികയിൽ വ്യക്തമാക്കിയിരിക്കും വിധം ഗ്രേഡ് നിശ്ചയിച്ച് യാത്രാബത്ത അനുവദിച്ചു കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | തസ്തിക & കോഡ് | പ്രതിമാസ വേതനം | ഗ്രേഡ് |
|---|---|---|---|
| 1 | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ 1.5.1 | 35,000/- | Grade III |
| 2 | ജൻഡർ സ്പെഷ്യലിസ്റ്റ് 1.5.2 | 27,500/- | IV |
| 3 | സ്പെഷ്യലിസ്റ്റ് ഇൻ ഫിനാൻഷ്യൽ ലിറ്ററസി 1.5.3 | 27,500/- | IV |
| 4 | അക്കൗണ്ട്സ് അസിസ്റ്റന്റ് 1.5.4 | 22,000/- | IV |

| | | | |
|---|---|---|---|
| | | | |
| 5 | DEO for PMMVY Work 1.5.5 | 18,000/- | IV |
| 6 | മൾട്ടി ടാസ്കിംഗ് സ്റ്റാഫ് 1.5.6 | 12,000/- | IV |

1. കെ.എസ്.ആർ ഭാഗം I റൂൾ 8-ന്റെ അടിസ്ഥാനത്തിലുള്ള Appendix 1 Model form of Agreement അനുസരിച്ചുള്ള കരാറിൽ ഏർപ്പെടേണ്ടതാണ്.

2.കെ.എസ്.ആർ ഭാഗം II ചട്ടങ്ങൾ പൂർണ്ണമായും പാലിച്ചു കൊണ്ടായിരിക്കണം യാത്രാബത്ത അനുവദിക്കേണ്ടത്.

3. യാത്രാബത്ത അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിബന്ധനകൾ കരാർ ജീവനക്കാർക്കും ബാധകമായിരിക്കും.

4. സർക്കാർ നിശ്ചയിച്ചിട്ടുള്ള യാത്രാബത്ത പരിധിക്കുള്ളിൽ (TA ceiling) നിന്നു മാത്രമേ യാത്രാബത്ത ക്ലെയിം മാറി നല്കാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതശിശു വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.(vide U.O.NO.WCD-1/374/2023-FI( 2631500) DATED.12-03-2026).

വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ